"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല - എടപ്പാൾ പെർഫോമെൻസ് യൂണിറ്റ് VII ലെ മുൻ സീനിയർ സൂപ്രണ്ട് ശ്രീ ഖാലിദ് പി.കെ. യ്ക്ക് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1204/2026/LSGD തീയതി,തിരുവനന്തപുരം, 30-06-2026

---

പരാമർശം:-

1. ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 23/06/2023 തീയതിയിലെ 2408583/പ.വി-എച്ച്2/2023/ധന. നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30/07/2024 തീയതിയിലെ LSGD/PD/49291/2023-VIGD2 നമ്പർ കത്ത്.
3. സർക്കാരിന്റെ 16/02/2026 ലെ ഇപിബി3/172/2023/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
4. ശ്രീ. ഖാലിദ് പി.കെ. യുടെ 12/03/2026 തീയതിയിലെ എതിർവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23/04/2026 ലെ LSGD/PD/49291/2023-VIGD2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടപ്പാൾ പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് VII ഓഫീസിലെ ജീവനക്കാർ പ്രവർത്തന സമയം പാലിക്കാത്തതുമായി ബന്ധപ്പെട്ട പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ (3.2, 3.3, 3.4, 3.5, 3.10) പരാമർശം (1) പ്രകാരം ധനകാര്യ വകുപ്പ് നടപടി റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി.

2) ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശിപാർശ 3.2 ചുവടെ ചേർക്കുന്നു.

*ശ്രീ. ഖാലിദ്. പി.കെ, സീനിയർ, സൂപ്രണ്ട് (PEN No.415881) ഹാജർ രേഖപ്പെടുത്താതെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നത് സംബന്ധിച്ച്*

*ടിയാനെതിരെ ഉചിതമായ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. മാത്രവുമല്ല **Attendance Register (2022)**-ൽ ഹാജർ രേഖപ്പെടുത്താതെ കാണപ്പെട്ട ദിവസങ്ങൾ (27-01-2022, 11-04-2022, 30-04-2022, 31-05-2022, 25-06-2022, 27-06-2022, 28-06-2022, 29-06-2022, 30-06-2022, 30-07-2022, 16-08-2022) ശ്രീ. ഖാലിദ് പി.കെ, സീനിയർ സൂപ്രണ്ട് അനധികൃതമായി ഓഫീസിൽ ഹാജരാകാതെയിരുന്നതാണെന്നു കണക്കാക്കി ആകസ്മികാവധി ഒഴികെയുള്ള അർഹതപ്പെട്ട അവധികളോ അല്ലെങ്കിൽ ശുന്യവേതനാവധിയോ അനുവദിച്ചുകൊണ്ട് ക്രമപ്പെടുത്തേണ്ടതുമാണ്. 31/05/2022 തീയതിയിൽ പൊന്നാനിയിൽ വച്ച് ബഹു. വ്യവസായ വകുപ്പു മന്ത്രിയുടെ പരിപാടിയിൽ ശ്രീ. ഖാലിദ് പി.കെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് വേണ്ടി പങ്കെടുത്തിട്ടില്ലെങ്കിൽ ആ ദിവസത്തെ ഹാജരും മേല്പറഞ്ഞതു പോലെ ക്രമീകരിക്കേണ്ടതാണ്.*

3) ധനകാര്യ പരിശോധന റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ നിന്ന് വിശദീകരണം വാങ്ങി ശിപാർശ പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഖാലിദ് പി.കെ. യോട് വിശദീകരണം ആവശ്യപ്പെടുകയും ടിയാൻ സമർപ്പിച്ച വിശദീകരണത്തിന്മേൽ പ്രിൻസിപ്പൽ ഡറക്ടർ പരാമർശം (2) പ്രകാരം ചുവടെ പറയുന്ന വിവരങ്ങളോടെ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

*ശ്രീ. ഖാലിദ് പി.കെ. സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ സൂപ്പവർവൈസറി തസ്തികയിൽ ഇരിക്കുന്ന ഉദ്യോഗസ്ഥൻ എന്ന നിലയിൽ മറ്റുള്ളവർക്ക് മാതൃകയാകേണ്ട ആൾ ചില ദിവസങ്ങളിൽ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്താതെ പോയത് ടിയാന്റെ ഭാഗത്ത് നിന്നുമുള്ള വീഴ്ചയാണെന്ന് ടിയാൻ തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ഹാജർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്താത്ത ദിവസങ്ങളിൽ ടിയാൻ ഔദ്യോഗിക ജോലികളിൽ ഏർപ്പെട്ടിട്ടുണ്ടെന്ന ടിയാന്റെ സ്റ്റേറ്റ്മെന്റ് പരിഗണിച്ചും, കർത്തവ്യ നിർവഹണത്തിന്റെ ബാഹുല്യം കാരണം അറിയാതെ സംഭവിച്ച വീഴ്ചയാണെന്നും, ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലെന്ന് ടിയാൻ ബോധിപ്പിച്ചിട്ടുള്ളതും, കൂടാതെ ടിയാന്റെ സർവ്വീസ് കാലയളവിൽ യാതൊരുവിധ അച്ചടക്ക നടപടികളും നേരിട്ടിട്ടില്ലെന്ന് ബോധിപ്പിച്ചിട്ടുള്ളതും ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുമ്പോൾ പരിഗണിക്കാവുന്നതാണ്.*

4) മേൽ വിശദീകരണവും പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായവും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2022-ലെ 10-ലേറെ ദിവസങ്ങളിൽ ഹാജർ രേഖപ്പെടുത്താത്തത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥനെന്ന നിലയിൽ ടിയാന്റെ വീഴ്ചയായി കണ്ട് ടിയാനെതിരെ **KCS (CC & A) Rules 1960**-ലെ ചട്ടം 16 പ്രകാരം പരാമർശം (3) കുറ്റാരോപണ മെമ്മോ നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

5) കുറ്റാരോപണ മെമ്മോക്ക് ശ്രീ. ഖാലിദ് പി. കെ. പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

*19-6-2017 മുതൽ 3-10-2022 വരെ എടപ്പാൾ പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് 7-ൽ സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ ഔദ്യോഗിക കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിച്ച് സേവനം ചെയ്യുകയും നികുതി പിരിവ്, പദ്ധതി രൂപികരണം-നിർവഹണം, സേവന പ്രദാനം, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, **ILGMS** നടപ്പിൽ വരുത്തൽ, മോണിറ്ററിംഗ്, പെൻഡിംഗ് ഓഡിറ്റ് പാരകൾ തീർപ്പാക്കൽ എന്നിവയിൽ പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിലെ ജീവനക്കാർക്ക് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചും വിവിധ അവലോകന യോഗങ്ങൾ നടത്തിയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് ഓഫീസിലെ ഹാജർ രജിസ്റ്റർ വെച്ച് പോരുന്നത് ജൂനിയർ സൂപ്രണ്ടിന്റെ മേൽ നോട്ടത്തിലാണ്. ആയത് താൻ സമയാസമയങ്ങളിൽ പരിശോധിച്ച് വരാറുള്ളതുമാണ്. താനും ജീവനക്കാരും ഓഡിറ്റ് സംബന്ധിച്ചും വിവിധ പരിശോധന, സംബന്ധിച്ചും മിക്ക ദിവസങ്ങളിലും ഒഫീഷ്യൽ ടൂറിൽ ആയിരിക്കും. പിന്നീട് ഓഫീസിൽ തിരിച്ചെത്തുമ്പോഴാണ് ഹാജർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്താറുള്ളത്. ചില ദിവസങ്ങളിൽ ആയത് രേഖപ്പെടുത്തുന്നത് വിട്ട് പോയിട്ടുണ്ട് എന്നത് വസ്തുതയാണ്. സൂപ്പർവൈസറി ജീവനക്കാരൻ എന്ന നിലയിൽ വന്ന വീഴ്ച മാപ്പാക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലെന്നും അറിയിക്കുന്നു.*

6) മേൽ എതിർവാദ പത്രികയിന്മേൽ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

*ശ്രീ. ഖാലിദ് പി.കെ സീനിയർ സൂപ്രണ്ടായി എടപ്പാൾ പെർഫോമൻസ് ഓഡിറ്റ് യുണിറ്റ് 7-ൽ സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ ഔദ്യോഗിക കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിച്ച് സേവനം ചെയ്യുന്നതിന് സദാ ജാഗ്രത പുലർത്തുകയും ടിയാന്റെ ചുമതലയിൽ ഉണ്ടായിരുന്ന ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നികുതി പിരിവ്, പദ്ധതി രൂപീകരണം-നിർവ്വഹണം, സേവന പ്രദാനം, ഐ എസ് ഒ സർട്ടിഫിക്കേഷൻ, ഐ എൽ ജി എം എസ് നടപ്പിൽ വരുത്തൽ-മോണിറ്ററിംഗ്, പെന്റിംഗ് ഓഡിറ്റ് പാരകൾ തീർപ്പാക്കൽ എന്നിവയിൽ പഞ്ചായത്തുകൾക്ക് പ്രത്യേക പിന്തുണയും സഹായങ്ങളും നൽകിയിരുന്നതായും പഞ്ചായത്തിലെ ജീവനക്കാർക്ക് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചും വിവിധ അവലോകന യോഗങ്ങൾ നടത്തിയും ഓരോ ജിവനക്കാരൻറെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുള്ളതായും എതിർവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.*

*ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തിയ ദിവസം ഹാജർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതായി കണ്ടെത്തിയ **27/01/2022,***

*11/04/2022, 30/04/2022, 31/05/2022, 25/06/2022, 27/06/2022, 28/06/2022, 29/06/2022, 30/06/2022, 30/07/2022, 16/08/2022 എന്നീ ദിവസങ്ങളിൽ ടിയാൻ ഔദ്യോഗിക ആവശ്യങ്ങൾക്കായാണ് പോയിട്ടുള്ളത് എന്ന് ശ്രീ. ഖാലിദ്പി.കെ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം പ്രസ്തുത ദിവസങ്ങളിൽ ഹാജർ പുസ്തകത്തിൽ ഹാജർ ടൂർ രേഖപ്പെടുത്താതെ പോയത് മനപ്പൂർവമല്ലെന്നും കർത്തവ്യ നിർവഹണത്തിന്റെ ബാഹുല്യം കാരണം അറിയാതെ സംഭവിച്ച വീഴ്ചയാണെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.*

*ഹാജർ രേഖപ്പെടുത്താത്ത ദിവസങ്ങളിലെ അവധി ക്രമീകരിക്കുന്നതിനായി, പൊതു അവധി ദിവസമായ 26/01/2022 മുന്നിൽ ചേർത്ത് 27/1/2022 നും പൊതു അവധി ദിവസമായ 10/04/2022 മുന്നിൽ ചേർത്തുകൊണ്ട് 11/04/2022 നും പൊതു അവധി ദിവസങ്ങളായ 1/05/2022, 02/05/2022, 3/05/2022 എന്നിവ പിന്നിൽ ചേർത്തുകൊണ്ട് 30/04/2022 നും 25/06/2022 മുതൽ 30/06/2022 വരെ 6 ദിവസത്തേയും, പൊതു അവധി ദിവസമായ 31/07/2022 പിന്നിൽ ചേർത്തുകൊണ്ട് 30/07/2022 നൂം പൊതു അവധി ദിവസങ്ങളായ 13/08/2022, 14/08/2022, 15/08/2022 എന്നിവ മുന്നിൽ ചേർത്ത് കൊണ്ട് 16/08/2022 ന് ഒരു ദിവസത്തേയും പരിവർത്തിതാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അറ്റൻഡൻസ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്താത്ത ദിവസങ്ങൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതെയിരുന്നതാണെന്ന് കണക്കാക്കി പരിവർത്തിതാവധി അനുവദിച്ച് ക്രമവത്കരിച്ച് ഉത്തരവായിട്ടുണ്ട്.*

*23 വർഷത്തെ സർവ്വീസ് കാലത്ത് യാതൊരു അച്ചടക്ക നടപടികളും നേരിടാത്ത അച്ചടക്കമുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥനാണ് ടിയാനെന്നും മേൽ പറഞ്ഞ വീഴ്ചകൾ ടിയാന്റെ ഭാഗത്ത് നിന്നും വന്നത് തീർത്തും അനുചിതമാണെന്നും മറ്റുള്ളവർക്ക് മാതൃകയാകേണ്ട ആൾ ചില ദിവസങ്ങളിൽ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്താതെ പോയത് ടിയാന്റെ ഭാഗത്ത് നിന്നുമുള്ള വീഴ്ച്ചയാണെന്ന് ടിയാൻ തന്നെ അംഗീകരിക്കുന്നതിനോടൊപ്പം അവയൊന്നും തന്നെ ദുരുദ്ദേശത്തോടെയൊ ചെയ്തതല്ലെന്നും, ഈ വീഴ്ച മാപ്പാക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലെന്നും ഹാജർ രേഖപ്പെടുത്താതെ കാണപ്പെട്ട ദിവസങ്ങൾ ശ്രീ ഖാലിദ് പി.കെ.. സീനിയർ സൂപ്രണ്ട് അനധികൃതമായി ഓഫീസിൽ ഹാജരാകാതെയിരുന്നതാണെന്നു കണക്കാക്കി പരിവർത്തിതാവധി അനുവദിച്ചു കൊണ്ട് ക്രമപ്പെടുത്തിയിട്ടുള്ള വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.*

7) തുടർന്ന്, ശ്രീ.ഖാലിദ് -നെ 21/05/2026-ന് 12 മണിക്ക് ഓൺലൈനായി കേൾക്കുകയുണ്ടായി. ടി ഹിയറിംഗിൽ ടിയാൻ എതിർവാദപത്രികയിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ തന്നെയാണ് ബോധിപ്പിച്ചത്. ഹാജർ പുസ്തകത്തിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്താതെ പോയത് അനുചിതമാണെന്നും ആയതിൽ

നിർവ്യാജം ഖേദിക്കുന്നുവെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തുമെന്നും ടി കൃത്യവിലോപവും വീഴ്ചയും മാപ്പാക്കി തനിക്കെതിരെ ആരംഭിച്ച അച്ചടക്കനടപടികൾ ഒഴിവാക്കി തന്നെ പൂർണ്ണ കുറ്റവിമുക്തനാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

8) ശ്രീ.ഖാലിദ് -ന്റെ എതിർവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായറിപ്പോർട്ട്, ഹിയറിംഗിലെ വാദം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ധനകാര്യപരിശോധനാവിഭാഗം കണ്ടെത്തിയ ക്രമക്കേടായ ഹാജർപട്ടികയിലെ ശൂന്യമായി കിടന്ന 27-01-2022, 11-04-2022, 30-04-2022, 31-05-2022, 25-06-2022, 27-06-2022, 28-06-2022, 29-06-2022, 30-06-2022, 30-07-2022, 16-08-2022 എന്നീ ദിവസങ്ങളിൽ 31/05/2022 ഒഴികെ ബാക്കി ദിവസങ്ങൾ പരിവർത്തിതാവധി അനുവദിച്ചുകൊണ്ട് 04/04/2026-ലെ LSGD/JD/MPM/3768/2023-A8 പ്രകാരവും, 31/05/2022-ലേത് 09/06/2026-ലെ LSGD/JD/MPM/3768/2023-A8 നമ്പർ ഉത്തരവ് പ്രകാരവും മലപ്പുറം ജോയിന്റ് ഡയറക്ടർ പരിവർത്തിതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അപ്രകാരം ടി ക്രമക്കേട് പരിഹരിച്ചിട്ടുള്ള സാഹചര്യത്തിലും, ഹാജർ പുസ്തകത്തിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്താതെ പോയത് മനപൂർവ്വമല്ലാത്ത വീഴ്ചയായി കണ്ട് മാപ്പാക്കണമെന്ന അപേക്ഷ പരിഗണിച്ചും, സർവ്വീസ് കാലത്ത് യാതൊരു അച്ചടക്ക നടപടികളും നേരിടാത്ത അച്ചടക്കമുള്ള ഉദ്യോഗസ്ഥനാണെന്നുമുള്ള അഭിപ്രായ റിപ്പോർട്ട് കണക്കിലെടുത്തും, മലപ്പുറം ജില്ലയിലെ എടപ്പാൾ പെർഫോമൻസ് യൂണിറ്റ് VII ലെ മുൻ സീനിയർ സൂപ്രണ്ട് ശ്രീ ഖാലിദ് പി.കെ. (PEN 415881) യ്ക്ക് എതിരെ KCS (CC & A) Rules 1960-ലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ KCS (CC & A) Rules 1960 ചട്ടം 11 (i)പ്രകാരം ടിയാന് 'സെൻഷർ' നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ഖാലിദ് പി.കെ., മുൻ സീനിയർ സൂപ്രണ്ട്, എടപ്പാൾ പെർഫോമൻസ് യൂണിറ്റ് VII, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

6. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഫയൽ നം. ഇപിബി3/172/2023/തസ്വഭവ. നമ്പർ ഫയലിലേക്ക്).*

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 30-06-2026 11:15:03**

സെക്ഷൻ ഓഫീസർ